# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.609 29.11.2018-ൽ മറുപടിക്ക്**

## കൈത്തറി മേഖലയുടെ ആധുനികവത്കരണം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.റ്റി.വി.രാജേഷ്** | **ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി)** |
| (എ) കൈത്തറി മേഖലയിൽ ജോലി ചെയ്യുന്നവർക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ ഉറപ്പാക്കുന്നതിനും യഥാ സമയം കൂലി ലഭ്യമാക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീക രിച്ചിട്ടുള്ളത്; | (എ) കൈത്തറി മേഖലയിൽ ജോലി ചെയ്യുന്നവർക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ ഉറപ്പാക്കുന്നതിനും നെയ്ത്തുകാർക്ക് അധികവേതനം നൽകി ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനുമായി സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി. ഏകദേശം 5000 നെയ്ത്തുതൊഴിലാളികളും അത്രതന്നെ അനുബന്ധ തൊഴിലാളികളും പദ്ധതിയുടെ ഭാഗമായി പ്രവർത്തിച്ചു വരുന്നു. അവർക്ക് ഒരു സ്ഥിരവരുമാനവും കൂടുതൽ തൊഴിൽ ദിനങ്ങളും ലഭ്യമാക്കാനും സംസ്ഥാനത്ത് പ്രവർത്തനം നിലച്ച പല സംഘങ്ങളും സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിയുടെ ഭാഗമായി തുറന്നു പ്രവർത്തിപ്പിക്കാനും ആയിരത്തിലധികം പേർക്ക് പുതുതായി തൊഴിൽ നൽകാനും സാധിച്ചു. നിശ്ചിത ടാർജറ്റിൽ കൂടുതൽ തുണി നെയ്യുന്ന തൊഴിലാളികൾക്ക് പ്രൊഡക്ഷൻ ഇൻസെന്റീവായി ഒരാഴ്ച ആയിരം രൂപ പ്രൊഡക്ഷൻ ഇൻസെന്റീവായി കൂടുതലായി ലഭ്യമാകുന്നുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കി യതിനുശേഷം പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള നെയ്ത്തുതൊഴിലാളികൾക്ക് ഒരു സ്ഥിരവരുമാനവും കൂടുതൽ തൊഴിലും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) കൈത്തറി സംഘങ്ങളിലെ വർക്ക് ഷെഡുകൾ ആധുനികവത്കരിക്കു ന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശ ദാംശം ലഭ്യമാക്കാമോ? | (ബി) ഉണ്ട്. "കൈത്തറി സംഘങ്ങളുടെ ആധുനിക വത്കരണവും മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ ഉൽപാദനവും പ്രോത്സാഹനവും" എന്ന പദ്ധതിയിൻ കീഴിൽ പ്രാഥമിക കൈത്തറി സഹകരണസംഘങ്ങളുടേയും തൊഴിലാളി കളുടേയും പണിശാല ആധുനികവത്കരണ |

ത്തിനായി 300 ലക്ഷം രൂപ "2851-00-103-33(പി)" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ 2018-19 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്. ഇതിൽ 150 ലക്ഷം രൂപ പ്രാഥമിക കൈത്തറി സഹകരണസംഘങ്ങളുടെ വർക്ക് ഷെഡ് മെയിന്റനൻസ്/റിപ്പയറിംഗിനായും 100 ലക്ഷം രൂപ നെയ്ത്തുതൊഴിലാളികളുടെ വ്യക്തിഗത വർക്ക്ഷെഡ് മെയിന്റനൻസ്/ റിപ്പയറിംഗിനായും 50 ലക്ഷം രൂപ ഡൈഹൗസ് മെയിന്റനൻസിനായുമാണ് നീക്കി വെച്ചിട്ടുള്ളത്.

**സെക്ഷൻ ഓഫീസർ**